(സി) വയനാട് ജില്ലയിലെ നാഷണൽ ഫുഡ് ഫോർ വർക്ക് സ്കീമിൽ ഭക്ഷ്യധാന്യവിതരണം ആരംഭിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന പദ്ധതി

178 [1117] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 സാമ്പത്തിക വർഷത്തെ പ്രധാനമന്ത്രിയുടെ ഗ്രാമസഡക് യോജന പദ്ധതിയിൽ കഴക്കൂട്ടം വികസന ബ്ലോക്ക് ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ബ്ലോക്കിന് പ്രസ്തുത പദ്ധതിയിൻകീഴിൽ എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതിയിൽ ഏതൊക്കെ റോഡുകളാണ് പുനരുദ്ധാരണത്തിനു തെരഞ്ഞെടുത്തിട്ടുള്ളത്;

(സി) പ്രസ്തുത റോഡുകളുടെ പേരും ചെലവഴിക്കുവാൻ ഉദ്ദേശിക്കുന്ന തുകയും വിശദമാക്കുമോ?

ഉത്തരം

(എ) — (സി) 2005-2006 വർഷത്തെ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കഴക്കൂട്ടം ബ്ലോക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്. റോഡുകൾ ഏതൊക്കെയാണെന്ന് അന്തിമ തീരുമാനമായിട്ടില്ല. പ്രാഥമിക നടപടികൾ പൂർത്തിയായിവരുന്നു.

ബി.ഡി.ഒ. നിയമനത്തിന് നിലവിലുള്ള മാനദണ്ഡം

179 [1118] *ശ്രീ. കെ. നാരായണക്കുറുപ്പ്:*
" *തോമസ് ചാഴികാടൻ:*
" *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.ഡി.ഒ. നിയമനത്തിന് ഇപ്പോഴുള്ള മാനദണ്ഡം വിശദമാക്കാമോ;

(ബി) ഗ്രാമവികസന വകുപ്പിൽ പതിനഞ്ചു വർഷത്തിലധികമായി സേവനമനുഷ്ഠിക്കുന്ന ബിരുദധാരികളായ ഗ്രാമസേവകർക്ക് പ്രൊമോഷൻ ലഭിക്കുന്നില്ലായെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly